**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1712** **04-02-2026 - ൽ മറുപടിയ്ക്ക്**

**വിള ഇൻഷ്വറൻസ് പദ്ധതിയുടെ വിശദാംശങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിലവിൽ നടപ്പിലാക്കി വരുന്ന വിള ഇൻഷ്വറൻസ് പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ; നിലവിൽ ഏതെല്ലാം വിളകളാണ് ഇൻഷ്വറൻസ് പരിരക്ഷയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; അറിയിക്കുമോ; | (എ) | **സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി**<br><br>പ്രകൃതിക്ഷോഭങ്ങൾ മൂലം കൃഷിനാശം സംഭവിക്കുന്ന 27 പ്രധാന വിളകൾക്കെല്ലാം സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം സംരക്ഷണം ലഭിക്കുന്നു. തെങ്ങ്, കമുക്, റബ്ബർ, കശുമാവ്, വാഴ, മരച്ചീനി, കൈതച്ചക്ക, കുരുമുളക്, ഏലം, ഇഞ്ചി, മഞ്ഞൾ, കാപ്പി, തേയില, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പൂ, വെറ്റില, പയറു വർഗ്ഗങ്ങൾ, കിഴങ്ങു വർഗ്ഗങ്ങൾ, കരിമ്പ്, പുകയില, നെല്ല്, മാവ്, ചെറുധാന്യങ്ങൾ എന്നീ വിളകൾക്കാണ് ഈ പദ്ധതിയിലൂടെ സംരക്ഷണം ലഭിക്കുന്നത്. കൂടാതെ, വന്യജീവി ശല്യം മൂലം ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്കും ഈ പദ്ധതിയിൽ പരിരക്ഷ ലഭ്യമാണ്. നെൽകൃഷിയിൽ കീടബാധയോ രോഗബാധയോ മൂലം 50 ശതമാനത്തിലധികം വിളനാശം സംഭവിച്ചാൽ ഈ പദ്ധതി പ്രകാരം നഷ്ടപരിഹാരം ലഭിക്കുന്നതാണ്. തെങ്ങ്, കമുക്, റബ്ബർ, കശുമാവ്, കുരുമുളക് എന്നീ വിളകൾക്ക് കായ്ച്ച് തുടങ്ങുന്നത് വരെയുള്ള കാലത്തേക്ക് പ്രത്യേക വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം സംരക്ഷണം ഏർപ്പെടുത്തിയിരിക്കുന്നു.<br><br>**കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി**<br><br>കേന്ദ്ര സംസ്ഥാന സംയുക്ത പദ്ധതിയായ കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി കേരളത്തിൽ നടപ്പിലാക്കുന്നതിന് വിജ്ഞാപനം ചെയ്തിട്ടുണ്ട്. വിളയെ ബാധിക്കുന്ന, വിജ്ഞാപനം ചെയ്ത പ്രതികൂല കാലാവസ്ഥ സാഹചര്യങ്ങൾക്കെതിരെയാണ് പരിരക്ഷ നൽകുന്നത്. വിജ്ഞാപനം ചെയ്ത term ഷീറ്റുകളുടെ അടിസ്ഥാനത്തിലാണ് ക്ലെയിം തുക നിശ്ചയിക്കുന്നത്. ഇതിനായി പദ്ധതി നടപ്പിലാക്കുന്ന ജില്ലകളിൽ |

| | | | |
|---|---|---|---|
| | | | കാലാവസ്ഥ നിലയങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. അഗ്രിക്കൾച്ചറൽ ഇൻഷ്വറൻസ് കമ്പനി (AICIL) മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്. കേരളത്തിലെ 14 ജില്ലകളിലും ഈ പദ്ധതി നടപ്പിലാക്കുന്നുണ്ട്. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള 27 വിളകളെയും ഈ പദ്ധതിയിലും ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | കഴിഞ്ഞ അഞ്ച് വർഷ കാലയളവിൽ വിള ഇൻഷ്വറൻസിൽ ചേർന്ന കർഷകരുടെ എണ്ണം എത്രയാണെന്ന കണക്ക് വർഷം തിരിച്ച് ലഭ്യമാക്കുമോ; | (ബി) | **കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിലും, കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതിയിലും ഉൾപ്പെട്ട കർഷകരുടെ എണ്ണം സംബന്ധിച്ച് വർഷം തിരിച്ചുള്ള കണക്കുകൾ അനുബന്ധം-1 ആയി ചേർക്കുന്നു.** |
| (സി) | വിവിധ വിളകൾക്കായി കർഷകർ അടയ്ക്കേണ്ട പ്രീമിയം നിരക്കുകളും സർക്കാർ നൽകുന്ന സബ്സിഡിയുടെ ശതമാനവും എത്രയാണെന്ന് വ്യക്തമാക്കുമോ; | (സി) | സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ ഓരോ വിളയ്ക്കും നിശ്ചയിച്ചിട്ടുള്ള പ്രായപരിധി, പ്രീമിയം നിരക്കുകൾ, പ്രീമിയം തുകയിൽ സർക്കാർ നൽകിവരുന്ന സബ്സിഡിയുടെ ശതമാനം എന്നിവ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം-II ആയി ഉള്ളടക്കം ചെയ്യുന്നു. |
| (ഡി) | കാലാവസ്ഥ വ്യതിയാനം, പ്രളയം, വരൾച്ച, കീടബാധ തുടങ്ങിയവ മൂലമുള്ള വിളനാശം കൃത്യമായി കണക്കാക്കുന്ന സംവിധാനം നിലവിലുണ്ടോയെന്നും വിളനാശം നിർണ്ണയിക്കുന്നതിന് ഉപയോഗിക്കുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ ലഭിച്ച ക്ലെയിം അപേക്ഷകളുടെ എണ്ണം എത്രയാണെന്നും ഇതിൽ എത്ര ക്ലെയിമുകൾ തീർപ്പാക്കിയിട്ടുണ്ടെന്നും എത്ര എണ്ണം ഇപ്പോഴും കുടിശ്ശികയാണെന്നും വ്യക്തമാക്കുമോ; | (ഡി) | **സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം കാലാവസ്ഥാ വ്യതിയാനം, വെള്ളപ്പൊക്കം, വരൾച്ച, കീടബാധ തുടങ്ങിയ പ്രകൃതിക്ഷോഭം മൂലമുള്ള വിളനാശം കണക്കാക്കുന്നതിനായി നിലവിൽ AIMS പോർട്ടൽ സംവിധാനം നിലവിലുണ്ട്. പ്രകൃതിക്ഷോഭം മൂലമുള്ള വിളനാശത്തിന് ധനസഹായത്തിനായി കർഷകർ AIMS പോർട്ടൽ വഴി സമർപ്പിക്കുന്ന അപേക്ഷകളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സ്ഥലപരിശോധന നടത്തി വിളനാശം കൃത്യമായി കണക്കാക്കി നഷ്ടപരിഹാരത്തിനായി ശുപാർശ ചെയ്യുന്നു. കാലാവസ്ഥാ അധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം (RWBCIS), കർഷകർ നാഷണൽ ക്രോപ്പ് ഇൻഷ്വറൻസ് പോർട്ടൽ (NCIP) വഴി അപേക്ഷകൾ സമർപ്പിക്കുന്നു. ഇൻഷ്വറൻസ് ക്ലെയിമുകൾ അഗ്രിക്കൾച്ചറൽ ഇൻഷ്വറൻസ് കമ്പനിയാണ് (Agricultural Insurance Company limited) തീർപ്പാക്കുന്നത്. കേരളത്തിൽ സ്ഥാപിച്ചിട്ടുള്ള ഇന്ത്യൻ കാലാവസ്ഥാ വകുപ്പ് (IMD), സ്കൈമെറ്റ് (SKYMET), എൻ.സി.എം.എൽ (NCML) എന്നീ ഏജൻസികളുടെ ഓട്ടോമാറ്റിക് വെതർ സ്റ്റേഷനുകളിൽ നിന്നുള്ള കാലാവസ്ഥാ വിവരങ്ങൾ (മഴ, താപനില തുടങ്ങിയവ) അടിസ്ഥാനമാക്കിയാണ് ഈ നഷ്ടപരിഹാര തുക കണക്കാക്കുന്നത്. കഴിഞ്ഞ മൂന്ന് വർഷങ്ങളിലെ ഇൻഷ്വറൻസ് ക്ലെയിം** |

| | | | |
|---|---|---|---|
| | | | **അപേക്ഷകളുടെയും അവ തീർപ്പാക്കിയതിന്റേയും വിവരങ്ങൾ അനുബന്ധം-III ആയി ചേർക്കുന്നു.** |
| (ഇ) | വിള ഇൻഷൂറൻസ് പദ്ധതിയിൽ രജിസ്റ്റർ ചെയുന്നതിനുണ്ടായ തടസ്സം പരിഹരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ഇ) | **കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതിയിൽ രജിസ്റ്റർ ചെയുന്നതിനുണ്ടായ തടസ്സം പരിഹരിച്ചിട്ടുണ്ട്. കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതിയിൽ (RWBCIS) 2025-26 റാബി (Rabi) സീസണിലെ എല്ലാ വിജ്ഞാപനം ചെയ്യപ്പെട്ട വിളകൾക്കും ഇൻഷ്വറൻസ് പദ്ധതിയിൽ ചേരുന്നതിനായി 26/12/2025 ൽ പോർട്ടൽ തുറന്നിരുന്നു. സംസ്ഥാന സർക്കാരിന്റെ ഇടപെടൽ മൂലം പദ്ധതിയിൽ ചേരുന്നതിനുള്ള അവസാന തീയതി 2026 ജനുവരി 15 വരെ നീട്ടി കേന്ദ്ര സർക്കാർ അംഗീകാരം നൽകിയിരുന്നു.** |

സെക്ഷൻ ഓഫീസർ

**അനുബന്ധം-1**

**സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി**

| **വർഷം** | **പദ്ധതിയിൽ ചേർന്ന കർഷകരുടെ എണ്ണം** |
|---|---|
| 2021-22 | 1,27,812 |
| 2022-23 | 2,39,826 |
| 2023-24 | 2,27,171 |
| 2024-25 | 2,07,302 |
| 2025-26 | 1,69,832 |

**കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി**

| **വർഷം** | **പദ്ധതിയിൽ ചേർന്ന കർഷകരുടെ എണ്ണം** |
|---|---|
| 2021-22 | 81536 |
| 2022-23 | 129767 |
| 2023-24 | 174102 |
| 2024-25 | 219648 |
| 2025-26 | 226331 |

## അനുബന്ധം-II

| വിളകൾ | ഇൻഷ്വർ ചെയ്യാൻ വേണ്ട വിളയുടെ ഏറ്റവും കുറഞ്ഞ എണ്ണം /വിസ്തീർണ്ണം | വിള ഇൻഷ്വർ ചെയ്യാൻ വേണ്ട പ്രായം | പ്രീമിയം | നഷ്ടപരിഹാര തോത് |
|---|---|---|---|---|
| തെങ്ങ് | 10 എണ്ണം | ഒരാണ്ടിൽ കുറഞ്ഞത് 30 നാളികേരമെങ്കിലും കായ്ഫലം നൽകുന്ന തെങ്ങുകൾ | തെങ്ങൊന്നിന് ₹ 2 ഒരു വർഷത്തെയ്ക്ക്. 3 വർഷത്തേയ്ക്ക് ഒന്നിച്ചടച്ചാൽ തെങ്ങൊന്നിന് ₹ 5. | തെങ്ങൊന്നിന് ₹ 2,000 |
| കമുക് | 10 മരങ്ങൾ | കായ്ഫലമുള്ളത് | ഒരു മരത്തിന് 1 വർഷത്തേയ്ക്ക് ₹ 1.50.<br><br>3 വർഷത്തേയ്ക്ക് ഒന്നിച്ചടച്ചാൽ മരമൊന്നിന് ₹ 3. | ഒരു മരത്തിന് ₹ 200 |
| റബ്ബർ | 25 എണ്ണം | കറയെടുക്കുന്ന മരങ്ങൾ | ഒരു മരത്തിന് 1 വർഷത്തേയ്ക്ക് ₹ 3. 3 വർഷത്തേയ്ക്ക് ഒന്നിച്ചടച്ചാൽ ₹ 7.50 | ഒരു മരത്തിന് ₹ 1,000 |
| കശുമാവ് | 5 മരങ്ങൾ | കായ്ഫലമുള്ളത് | ഒരു മരത്തിന് 1 വർഷത്തേയ്ക്ക് ₹ 3. 3 വർഷത്തേയ്ക്ക് ₹ 7.50 | ഒരു മരത്തിന് ₹ 750 |
| വാഴ<br>(എ) ഏത്തൻ, കപ്പ<br>(ബി) ഞാലിപ്പൂവൻ<br>(സി) മറ്റിനങ്ങൾ | 10 എണ്ണം | നട്ട് കഴിഞ്ഞ് ഒരു മാസം മുതൽ 5 മാസം വരെ | ഒരു വാഴയ്ക്ക് ₹ 3 | (എ) കുലയ്ക്കാത്തതിന് ₹ 150<br>(ബി) കുലയ്ക്കാത്തതിന് ₹ 100<br>(സി) കുലയ്ക്കാത്തതിന് ₹ 50<br>(എ) കുലച്ചതിന് ₹ 300<br>(ബി) കുലച്ചതിന് ₹ 200<br>(സി) കുലച്ചതിന് ₹ 75 |

| | | | | |
|---|---|---|---|---|
| മരച്ചീനി | 0.02 ഹെക്ടർ | നട്ട് കഴിഞ്ഞ് ഒരു മാസത്തിനു ശേഷം 5 മാസം വരെ | 0.02 ഹെക്ടറിന് ₹ 3 | ഹെക്ടർ ഒന്നിന് ₹ 10,000 |
| കൈതച്ചക്ക | 0.02 ഹെക്ടർ | നട്ട് കഴിഞ്ഞ് ഒരു മാസത്തിനു ശേഷവും 6 മാസത്തിനകവും | 0.02 ഹെക്ടറിന് ₹ 37.50 | ഹെക്ടർ ഒന്നിന് ₹ 50,000 |
| കുരുമുളക് | 15 താങ്ങു മരങ്ങളിൽ ഉള്ളവ | കായ്ച്ചു തുടങ്ങിയവ | ഒരു താങ്ങു മരത്തിലുള്ളതിന് 1 വർഷത്തേയ്ക്ക് ₹ 1.50.<br>3 വർഷത്തേയ്ക്ക് ഒന്നിച്ചടച്ചാൽ ₹ 3 | ഓരോ താങ്ങു മരത്തിലും ഉള്ളതിന് ₹ 200 വീതം |
| ഏലം | 0.4 ഹെക്ടർ | കായ് ഫലമുള്ളത് | ഒരു വർഷത്തേയ്ക്ക് 0.4 ഹെക്ടറിന് ₹ 600/- 3 വർഷത്തേയ്ക്ക് ഒന്നിച്ചടച്ചാൽ ₹ 1500/- | 0.4 ഹെക്ടർ ₹ 24,000 |
| ഇഞ്ചി | 0.02 ഹെക്ടർ | നട്ട് 1 മാസം കഴിഞ്ഞ് 5 മാസം വരെ | 0.02 ഹെക്ടറിന് ₹ 15 | ഹെക്ടർ ഒന്നിന് ₹ 80,000 |
| മഞ്ഞൾ | 0.02 ഹെക്ടർ | നട്ട് 1 മാസം കഴിഞ്ഞ് 3 മാസം വരെ | 0.02 ഹെക്ടറിന് ₹ 15 | ഹെക്ടർ ഒന്നിന് ₹ 60,000 |
| കാപ്പി | 10 മരങ്ങൾ | കായ് ഫലമുള്ളത് | ഒരു ചെടിക്ക് 1 വർഷത്തേയ്ക്ക് ₹ 1.50.<br>3 വർഷത്തേയ്ക്ക് ഒന്നിച്ചടച്ചാൽ ₹ 3 | ഒരു മരത്തിന് ₹ 350 |
| തേയില | 1 ഹെക്ടർ | ഇലഎടുത്തു തുടങ്ങിയ ചെടികൾ | ഹെക്ടർ ഒന്നിന് 1 വർഷത്തേയ്ക്ക് ₹ 1,500.<br>3 വർഷത്തേയ്ക്ക് ഒന്നിച്ചടച്ചാൽ ₹ 3750 | ഹെക്ടർ ഒന്നിന് ₹ 70,000. ഇൻഷ്വർ ചെയ്തതിന്റെ 10 ശതമാനമോ, 2 ഹെക്ടറോ ഏതാണോ കുറവ് അതിന് നഷ്ടപരിഹാരം നൽകാവുന്നതാണ് |
| കൊക്കോ | 5 എണ്ണം | കായ് ഫലമുള്ളത് | ₹ 1.50 1 മരത്തിന് 1 വർഷത്തേയ്ക്ക്. 3 വർഷത്തേയ്ക്ക് ഒന്നിച്ചടച്ചാൽ ₹ 3 | ഒരു മരത്തിന് ₹ 300 |
| നിലക്കടല | 0.1 ഹെക്ടർ | നട്ട് കഴിഞ്ഞ് 1 | 0.1 ഹെക്ടറിന് | ഹെക്ടർ ഒന്നിന് |

| | | | | |
|---|---|---|---|---|
| | | മാസത്തിനുശേഷം 2 മാസത്തിനു മുമ്പ് | ₹ 37.50 | ₹ 12,000 |
| എള്ള് | 0.1 ഹെക്ടർ | വിതച്ച് ഒരാഴ്ച കഴിഞ്ഞ് 1 മാസം വരെ | 0.01 ഹെക്ടറിന് ₹ 37.50 | ഹെക്ടർ ഒന്നിന് ₹ 12,500 |
| പച്ചക്കറി (പന്തലുള്ളവയും, പന്തലില്ലാത്തവയും) | 0.04 ഹെക്ടർ | നട്ട് ഒരാഴ്ച കഴിഞ്ഞ് 1 മാസം വരെ | 10 സെന്റിന് ₹ 10 | പന്തലില്ലാത്തവയ്ക്ക് ഹെക്ടർ ഒന്നിന് ₹ 25,000 പന്തലുള്ളവയ്ക്ക് ഹെക്ടർ ഒന്നിന് ₹ 40,000 |
| ജാതി | 5 എണ്ണം | കായ് ഫലമുള്ളത് | 1 വർഷത്തേയ്ക്ക് 1 മരത്തിന് ₹ 3. 3 വർഷത്തേയ്ക്ക് ഒന്നിച്ചടച്ചാൽ ₹ 7.50 | ₹ 3,000 ഒരു മരത്തിന് |
| ഗ്രാമ്പു | 5 എണ്ണം | കായ് ഫലമുള്ളത് | 1 വർഷത്തേയ്ക്ക് 1 മരത്തിന് ₹ 3. 3 വർഷത്തേയ്ക്ക് ഒന്നിച്ചടച്ചാൽ ₹ 7.50 | ₹ 1,000 ഒരു മരത്തിന് |
| വെറ്റില | 1 സെന്റ് | വിളവെടുപ്പ് ആരംഭിച്ചത് | 1 വർഷത്തേയ്ക്ക് സെന്റൊന്നിന് ₹ 7.50 | സെന്റൊന്നിന് ₹ 1,000 |
| പയർ വർഗ്ഗങ്ങൾ | 0.10 ഹെക്ടർ | നട്ട് 2 ആഴ്ച കഴിഞ്ഞ് 1 1/2 മാസം വരെ | 0.10 ഹെക്ടറിന് ₹ 19 | ഹെക്ടറിന് ₹ 10,000 |
| കിഴങ്ങു വർഗ്ഗങ്ങൾ (ചേന, മധുരക്കിഴങ്ങ്) | 0.02 ഹെക്ടർ | നട്ട് 1 മാസം കഴിഞ്ഞ് 3 മാസം വരെ | ₹ 7.50 ചേന. ₹ 4.50 മധുരക്കിഴങ്ങ് | ചേന ഹെക്ടറിന് ₹ 35,000. മധുരക്കിഴങ്ങ് ഹെക്ടറൊന്നിന് ₹ 15,000 |
| കരിമ്പ് | 0.10 ഹെക്ടർ | നട്ട് 1 മാസം കഴിഞ്ഞ് 3 മാസം വരെ | 0.10 ഹെക്ടറിന് ₹ 90 | ഹെക്ടറൊന്നിന് ₹ 50,000 |
| പുകയില | 0.02 ഹെക്ടർ | നട്ട് 2 ആഴ്ച കഴിഞ്ഞ് 2 മാസം വരെ | 0.02 ഹെക്ടറിന് ₹ 3 | ഹെക്ടറൊന്നിന് ₹ 20,000 |
| നെല്ല് | 0.10 ഹെക്ടർ | നട്ട് അല്ലെങ്കിൽ വിതച്ച് 15 ദിവസം കഴിഞ്ഞ് 45 ദിവസം വരെ | 0.10 ഹെക്ടറിന് ₹ 25 | 45 ദിവസത്തിനകമുള്ള വിളകൾക്ക് ഹെക്ടറിന് ₹ 15,000. 45 ദിവസത്തിന് ശേഷമുള്ള വിളകൾക്ക് ഹെക്ടറിന് ₹ 35,000. കീടരോഗബാധ കൃഷി |

| | | | | |
|---|---|---|---|---|
| | | | | ഭവനിൽ അറിയിച്ച് വേണ്ട പ്രതിരോധ നടപടികൾ എടുത്തതിനു ശേഷവും നഷ്ടമുണ്ടായാൽ മാത്രമേ നഷ്ടപരിഹാര തുകയ്ക്ക് അർഹത ഉണ്ടായിരിക്കുകയുള്ളൂ. |
| ചെറുധാന്യങ്ങൾ (കുവരക്, ചാമ, തിന, വരഗ്, പനി വരഗ്, കുതിരവാലി മുതലായവ) | 0.1 ഹെക്ടർ (25 സെന്റ്) | വിതച്ച് 15 ദിവസം കഴിഞ്ഞ് 45 ദിവസം വരെ | 0.1 ഹെക്ടറിന് ₹ 25 | വിതച്ച് 45 ദിവസത്തിനകമുള്ള വിളകൾക്ക് ഹെക്ടറിന് ₹ 10,000. 45 ദിവസത്തിന് ശേഷമുള്ള വിളകൾക്ക് ഹെക്ടറിന് ₹ 25000 |
| മാവ് | 5 മരങ്ങൾ | കായ്ഫലമുള്ളത് | 1 മരത്തിന് ഒരു വർഷത്തേയ്ക്ക് ₹ 10; 3 വർഷത്തേയ്ക്ക് ഒരുമിച്ച് അടച്ചാൽ ₹ 25 | 10 വർഷം വരെ പ്രായമുള്ളതിന് - ഒരു മരത്തിന് ₹ 1000. 10 വർഷത്തിനുമേൽ പ്രായമുള്ളതിന് - 1 മരത്തിന് ₹ 2000 |

**ദീർഘകാലവിളകൾക്ക് നടുന്നത് മുതൽ കായ്ച്ചുതുടങ്ങുന്നത് വരെയുള്ള കാലയളവിൽ നൽകുന്ന പ്രത്യേക ഇൻഷുറൻസ് സംരക്ഷണം**

| **വിളകൾ** | **ഇൻഷുർ ചെയ്യാൻ വേണ്ട വിളയുടെ ഏറ്റവും കുറഞ്ഞ എണ്ണം /വിസ്തീർണ്ണം** | **വിള ഇൻഷുർ ചെയ്യാൻ വേണ്ട പ്രായം** | **അടക്കേണ്ട പ്രീമിയം** | **നഷ്ടപരിഹാര തോത്** |
|---|---|---|---|---|
| തെങ്ങ് | 10 എണ്ണം | നട്ട് ഒരുമാസം മുതൽ 7 വർഷം വരെ | ഒരെണ്ണത്തിന് ഒരു വര്ഷത്തേക്ക് ₹ 1 മൂന്നുവർഷത്തേക്ക് ഒരുമിച്ചടച്ചാൽ ₹ 2. | ആദ്യത്തെ 3 വർഷത്തേക്ക് ഒരെണ്ണത്തിന് ₹200. 3 വർഷത്തിനുമേൽ 7 വർഷം വരെ ഒരെണ്ണത്തിന് ₹400. |
| കമുക് | 10 മരങ്ങൾ | നട്ട് ഒരുമാസം മുതൽ 6 വർഷം വരെ | മൂന്നുവർഷത്തേക്ക് ഒരെണ്ണത്തിന് ₹1.50 | മൂന്നുവർഷം വരെ ഒരെണ്ണത്തിന് ₹50. 3 വർഷത്തിനുമേൽ 7 വർഷം വരെ |

| | | | | |
|---|---|---|---|---|
| | | | | ഒരെണ്ണത്തിന് ₹80 |
| റബ്ബർ | 25 എണ്ണം | നട്ട് ഒരുമാസം മുതൽ 7 വർഷം വരെ | മൂന്നുവർഷത്തേക്ക് ഒരെണ്ണത്തിന് ₹1.50 വീതം | മൂന്നുവർഷം വരെ ഒരെണ്ണത്തിന് ₹200. 3 വർഷത്തിനുമേൽ 7 വർഷം വരെ ഒരെണ്ണത്തിന് ₹600. |
| കശുമാവ് | 5 മരങ്ങൾ | നട്ട് ഒരുമാസം മുതൽ 3 വർഷം വരെ | മൂന്നുവർഷത്തേക്ക് 5 എണ്ണത്തിന് ₹4.50 | മൂന്നുവർഷം വരെ ഒരെണ്ണത്തിന് ₹100. |
| കുരുമുളക് | 15 താങ്ങു മരങ്ങളിലുള്ളവ | നട്ട് ഒരുമാസം മുതൽ 4 വർഷം വരെ | 15 താങ്ങു മരത്തിലുള്ളത് ഒരുവർഷത്തേക്ക് ₹7.50. മൂന്നുവർഷം ഒന്നിച്ചടച്ചാൽ ₹ 15 | ആദ്യത്തെ രണ്ടു വർഷം ഒരു താങ്ങുമരത്തിലുള്ളതിനു ₹50. 2 വർഷം മുതൽ 4 വർഷം വരെ ₹100 |
| മാവ് | 5 ഗ്രാഫ്റ്റ് | നട്ട് ഒരുമാസം മുതൽ കായ്ഫലം തുടങ്ങുന്നത് വരെ | ഒരു എണ്ണത്തിന് ഒരു വർഷത്തേക്ക് 2 രൂപ. 3 വർഷത്തേക്ക് ഒന്നിച്ചടച്ചാൽ 5 രൂപ | ഒരു എണ്ണത്തിന് 200 രൂപ |

**<u>കാലാവസ്ഥാധിഷ്ഠിത വിള ഇൻഷുറൻസ് പദ്ധതിയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു</u>**

| **വിള** | **വിജ്ഞാപനം ചെയ്ത ജില്ലകൾ** | **ഇൻഷുറൻസ് തുക (Rs.)** | **കർഷകരുടെ പ്രീമിയം (Rs.)** |
|---|---|---|---|
| നെല്ല് | എല്ലാ ജില്ലകളിലും | 80000 | 1.50% |
| കവുങ്ങ്,തെങ്ങ്, ഇഞ്ചി,റബർ | എല്ലാ ജില്ലകളിലും | 100000 | 5.00% |
| വാഴ | എല്ലാ ജില്ലകളിലും | 175000 | 5.00% |
| വെറ്റില | ഇടുക്കി ഒഴികെയുള്ള എല്ലാ ജില്ലകളിലും | 100000 | 5.00% |
| ഏലം | ഇടുക്കി, കോട്ടയം, കോഴിക്കോട്, മലപ്പുറം, പാലക്കാട്, പത്തനംതിട്ട, വയനാട് | 45000 | 5.00% |
| കശുമാവ്, | എല്ലാ ജില്ലകളിലും | 60000 | 5.00% |

| | | | |
|---|---|---|---|
| കൊക്കോ, പൈനാപ്പിൾ, മഞ്ഞൾ | | | |
| ഗ്രാമ്പൂ | ആലപ്പുഴ ഒഴികെയുള്ള എല്ലാ ജില്ലകളിലും | 55000 | 5.00% |
| നിലക്കടല | കാസർഗോഡ് & പാലക്കാട്, | 40000 | 1.50% |
| കോഫി (Arabica) | ഇടുക്കി & വയനാട് | 45000 | 5.00% |
| കോഫി (Robusta) | ഇടുക്കി & വയനാട് | 33000 | 5.00% |
| മാവ് | എല്ലാ ജില്ലകളിലും | 150000 | 5.00% |
| ജാതി | എല്ലാ ജില്ലകളിലും | 55000 | 5.00% |
| കുരുമുളക് | എല്ലാ ജില്ലകളിലും | 50000 | 5.00% |
| പയറുവർഗങ്ങൾ (ഉഴുന്ന്,വൻപയർ, ഗ്രീൻപീസ്, ചെറുപയർ സോയാബീൻ | കോട്ടയം, തൃശ്ശൂർ ഒഴികെയുള്ള എല്ലാ ജില്ലകളിലും | 40000 | 1.50% |
| എള്ള് | ആലപ്പുഴ, എറണാകുളം, കൊല്ലം, മലപ്പുറം, പാലക്കാട്, പത്തനംതിട്ട, തൃശ്ശൂർ | 40000 | 1.50% |
| കരിമ്പ് | ആലപ്പുഴ, എറണാകുളം, ഇടുക്കി, കോട്ടയം, പാലക്കാട്, പത്തനംതിട്ട | 60000 | 5.00% |
| മരച്ചീനി | എല്ലാ ജില്ലകളിലും | 125000 | 5.00% |
| തേയില | ഇടുക്കി, കൊല്ലം, കോട്ടയം, മലപ്പുറം, പാലക്കാട്, തിരുവനന്തപുരം, തൃശ്ശൂർ, വയനാട് | 45000 | 5.00% |
| പുകയില | കാസർഗോഡ് | 40000 | 5.00% |
| കിഴങ്ങുവർഗങ്ങൾ (ചേമ്പ്, ചേന,കാച്ചിൽ, ചെറുകിഴങ്ങ്, | എല്ലാ ജില്ലകളിലും | 40000 | 5.00% |

| | | | |
|---|---|---|---|
| മധുരകിഴങ്ങ്) | | | |
| മില്ലറ്റ് ഗ്രൂപ് (കൂവരക്, ചോളം, ചാമ, തിന) | ഇടുക്കി & പാലക്കാട് | 30000 | 1.50% |
| ഉരുളകിഴങ്ങ് | ഇടുക്കി | 40000 | 5.00% |
| തക്കാളി | പാലക്കാട് | 40000 | 5.00% |
| പച്ചക്കറി വിളകൾ ഗ്രൂപ് I (പടവലം, പാവയ്ക്ക , വള്ളിപ്പയർ, കുമ്പളങ്ങ, മത്തൻ, വെള്ളരി, വെണ്ട, പച്ചമുളക്) | എല്ലാ ജില്ലകളിലും | 40000 | 5.00% |
| പച്ചക്കറി വിളകൾ ഗ്രൂപ് II (കാബേജ്, കാരറ്റ്, വെളുത്തുള്ളി, ഫ്രഞ്ച് ബീൻസ്) | ഇടുക്കി | 40000 | 5.00% |

# അനുബന്ധം-III

**<u>സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതി</u>**

| ക്രമ നമ്പർ | ജില്ല | റിപ്പോർട്ട് ചെയ്തവ | തീർപ്പാക്കിയവ |
|---|---|---|---|
| 1 | 2023-24 | 11262 | 11262 |
| 2 | 2024-25 | 14398 | 5369 |
| 3 | 2025-26 | 9170 | 0 |

**കാലാവസ്ഥാ അധിഷ്ഠിത വിള ഇൻഷുറൻസ് പദ്ധതി (RWBCIS)**

| ക്രമ നമ്പർ | ജില്ല | റിപ്പോർട്ട് ചെയ്തവ | തീർപ്പാക്കിയവ |
|---|---|---|---|
| 1 | 2023-24 | 121816 | 121816 |
| 2 | 2024-25 | 73000 | ക്ലെയിം പ്രോസസ്സ് ചെയ്തിട്ടില്ല |
| 3 | 2025-26 | ക്ലെയിം പ്രോസസ്സ് ചെയ്തിട്ടില്ല | ക്ലെയിം പ്രോസസ്സ് ചെയ്തിട്ടില്ല |